നം. NEP-3/67304/2011

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തീയതി : 07.01.2012

## സർക്കുലർ

**വിഷയം: പൊതുവിദ്യാഭ്യാസം -അനിമേഷൻ സിനിമാ നിർമ്മാണം- ഫിലിം ഫെസ്റ്റിവെൽ നടത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന:1. 25.02.2011 ലെ ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ No.ITS/2011/01/1403(2)നമ്പർ സർക്കുലർ.

2. 27.08.2011-ലെ ഐടി@സ്കൂൾ ഡയറക്ടറുടെ ITS/2011/08/1403(10) നമ്പർ സർക്കുലർ

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഐടി@സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ അനിമേഷൻ സിനിമാ നിർമ്മാണ പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്. മെച്ചപ്പെട്ട അനിമേഷൻ സിനിമകൾ ചുരുങ്ങിയ പരിശീലനം കൊണ്ടുതന്നെ വിദ്യാർത്ഥികൾ നിർമ്മിച്ചിട്ടുണ്ട്. അനിമേഷൻ സിനിമാ നിർമ്മാണ പരിശീലനത്തിൽ കുട്ടികൾക്ക് താല്പര്യമുളവാക്കുന്നതിനും വിദ്യാർത്ഥികൾ നിർമ്മിച്ച സിനിമകൾ പ്രദർശിപ്പിക്കുന്നതിനും അവസരമുണ്ടാക്കുന്നതിനായി സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ അനിമേഷൻ ഫിലിം ഫെസ്റ്റിവെൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ANTS (Animation Training for Students) പരിശീലനത്തിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ, ഉപജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ സംഘടിപ്പിക്കുന്ന **ANTS ഫിലിം ഫെസ്റ്റിവലിന്റെ ('ANTS Film Festival')** നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- **സ്കൂൾതലം**

2012 ജനുവരി 20 നകം എല്ലാ ഹൈസ്കൂളുകളിലും സ്കൂൾതല അനിമേഷൻ ഫിലിം പ്രദർശനം സംഘടിപ്പിക്കേണ്ടതാണ്. അവയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മികച്ചവ (പരമാവധി പത്ത് ഫിലിമുകൾ) ഒരു ഡിവിഡിയിലാക്കി ജനുവരി 24 നകം അനിമേഷൻ ഫിലിം ഫെസ്റ്റിവൽ നടക്കുന്ന അതത് ഉപജില്ലാതല കേന്ദ്രത്തിലെത്തിക്കേണ്ടതാണ്. ഫിലിം നിർമ്മാണത്തിനുപയോഗിച്ച KTOON, GIMP, AUDACITY, OPENSHOT VIDEO EDITOR എന്നിവയുടെ BACK FILES കൂടി DVD യിൽ ഉണ്ടായിരിക്കേണ്ടതാണ്. ഇതിനുമുമ്പായി ചുവടേ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1. സ്കൂളുകളിൽ 8,9,10 ക്ലാസുകളിലായി അനിമേഷൻ പരിശീലനം ചുരുങ്ങിയത് 20 പേർക്കെങ്കിലും ലഭിച്ചിരിക്കണം

2. ഐടി@സ്കൂൾ നല്കിയ പരിശീലന മൊഡ്യൂൾ ഡിവിഡികൾക്കൊപ്പമുള്ള സാമ്പിൾ കാർട്ടൂൺ സിനിമകൾ കുട്ടികൾക്കുമുമ്പിൽ പ്രദർശിപ്പിച്ചിരിക്കണം.

- **ഉപജില്ലാതലം**

സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മികവുറ്റ കാർട്ടൂൺ സിനിമകളുടെ ഉപജില്ലാ തല അനിമേഷൻ ഫിലിം ഫെസ്റ്റിവൽ ജനുവരി 28-ന് മുമ്പ് സംഘടിപ്പിക്കേണ്ടതാണ്. AEO ചെയർമാനും, ഫിലിം ഫെസ്റ്റിവൽ നടക്കുന്ന സ്കൂൾ പ്രഥമാധ്യാപകൻ കൺവീനറും അതേ സ്കൂളിലെ എസ്ഐടിസി ജോയിന്റ്

കൺവീനറുമായ സംഘാടകസമിതിയാണ് ഉപജില്ലാതല ഫെസ്റ്റിവൽ നടത്തേണ്ടത്. ഉപജില്ലാതല മത്സരത്തിൽ എ ഗ്രേഡ് ലഭിക്കുന്ന എല്ലാ സിനിമകളും ഫെബ്രുവരി 4 ന മുമ്പ് ജില്ലാതല മത്സരത്തിലേക്ക് അയക്കേണ്ടതാണ്. ഉപജില്ലാതലത്തിൽ തെരഞ്ഞെടുക്കുന്ന സിനിമകൾ ഡിവിഡിയിലാക്കി ജില്ലാതല മത്സര കൺവീനർക്ക് (ജില്ലാ കോർഡിനേറ്റർ, ഐടി@സ്കൂൾ പ്രോജക്ട്) നൽകേണ്ടതാണ്.

- **ജില്ലാതലം**

2012 ഫെബ്രുവരി 10-നുള്ളിൽ ജില്ലാ അനിമേഷൻ ഫിലിം ഫെസ്റ്റിവൽ നടത്തേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ ചെയർമാനും, ഫിലിം ഫെസ്റ്റിവൽ നടക്കുന്ന വിദ്യാഭ്യാസജില്ലാ ഓഫീസർ വൈസ്ചെയർമാനും ഐടി@സ്കൂൾ ജില്ലാ കോ-ഓർഡിനേറ്റർ കൺവീനറുമായ സംഘാടകസമിതിയാണ് ജില്ലാതല ഫെസ്റ്റിവൽ നടത്തേണ്ടത്. ജില്ലാതല മത്സരത്തിൽ എ ഗ്രേഡ് ലഭിക്കുന്ന എല്ലാ സിനിമകളും സംസ്ഥാനതല മത്സരത്തിന് അയയ്ക്കേണ്ടതാണ്. ജില്ലാതല മത്സരങ്ങളിൽ തെരഞ്ഞെടുക്കുന്ന സിനിമകൾ ഡിവിഡിയിലാക്കി ഫെബ്രുവരി 15 നകം ഐടി@സ്കൂൾ പ്രോജക്ടിന്റെ സ്റ്റേറ്റ് ഓഫീസിലേക്ക് അയയ്ക്കേണ്ടതാണ്.

- **സംസ്ഥാനതലം**

2012 ഫെബ്രുവരി മൂന്നാംവാരമാണ് സംസ്ഥാനതല അനിമേഷൻ ഫെസ്റ്റിവൽ നടത്തുന്നത്. ഓരോ ജില്ലയിൽ നിന്നും A ഗ്രേഡോടെ വരുന്ന മുഴുവൻ ഫിലിമുകളും ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കും.

**പൊതു നിർദ്ദേശങ്ങൾ**

1. അനിമേഷൻ ഫിലിംഫെസ്റ്റിവലിൽ 8,9,10,11 ക്ലാസുകളിലെ കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്.
2. മത്സരത്തിനയയ്ക്കുന്ന കാർട്ടൂൺ സിനിമകൾ പൂർണമായും അനിമേറ്റ് ചെയ്തതായിരിക്കണം.
3. ഐടി@സ്കൂൾ ഉബുണ്ടുവിൽ ലഭ്യമായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചുണ്ടാക്കുന്ന അനിമേഷൻ ഫിലിമുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ
4. ഒരു കുട്ടിയ്ക്ക് അര മിനിറ്റുമുതൽ രണ്ടരമിനിറ്റുവരെ ദൈർഘ്യമുള്ള ഒരു അനിമേഷൻ സിനിമ മാത്രമേ പ്രദർശനത്തിനയക്കാൻ അനുവാദമുള്ളൂ.
5. കുട്ടികൾ നിർമ്മിക്കുന്ന സിനിമകളുടെ ടൈറ്റിലിൽ അവരുടെ പേരും ക്ലാസും സ്കൂളിന്റെ പേരും ഫോൺ നമ്പരും വ്യക്തമായി ചേർത്തിരിക്കണം.
6. അനിമേഷൻ സിനിമാനിർമ്മാണങ്ങൾക്കു വേണ്ട സാങ്കേതിക സൗകര്യങ്ങൾ കുട്ടികൾക്ക് തടസ്സമില്ലാതെ ലഭിക്കുന്നുവെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
7. ഈ പരിപാടികളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമെങ്കിൽ SITC യുമായി സഹകരിക്കാൻ മറ്റൊരു അധ്യാപകനെക്കൂടി ചുമതലപ്പെടുത്തേണ്ടതാണ്.
8. ഈ പരിപാടിയിൽ പങ്കെടുക്കാനെത്തുന്ന കുട്ടികൾക്കാർക്കെങ്കിലും ഐടി ക്ലബ് അംഗത്വമില്ലെങ്കിൽ അംഗത്വം നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട് (തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)
സ്റ്റോക്ക് ഫയൽ